# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2341 | 12.02.2020 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. റീഫണ്ടിലെ കാലതാമസം

| | ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ജി.എസ്.ടി. റീഫണ്ടിനായി അപേക്ഷ സമർപ്പിച്ചാൽ തുക സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | ഉണ്ട്. ജി.എസ്.ടി. റീഫണ്ടിനായി നൽകുന്ന അപേക്ഷകൾ പരിശോധനയ്ക്ക് മതിയായ രേഖകൾ ഇല്ലാതെ സമർപ്പിക്കുകയാണെങ്കിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു. തുടർന്ന് വ്യാപാരി രേഖകൾ സമർപ്പിക്കാൻ സമയം ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ റീഫണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | യഥാസമയം റീഫണ്ടിന് അപേക്ഷ സമർപ്പിച്ചവരുടെ എത്ര അപേക്ഷകളിൽ നിലവിൽ തുക നൽകാനുണ്ട്; | (ബി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ 3177 അപേക്ഷകൾ ലഭിച്ചതിൽ 1783 അപേക്ഷകൾ റീഫണ്ട് ഉത്തരവായിട്ടുള്ളതും, 510 റീഫണ്ട് അപേക്ഷകളിൽ അപാകതകൾ ഉള്ളതിനാൽ നിരസിച്ചിട്ടുള്ളതുമാണ്. ഇനി 884 റീഫണ്ട് അപേക്ഷകളിൽ തീർപ്പ കല്പിക്കാനുണ്ട്. ഇത് പരിശോധന ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത അപേക്ഷകളിൽ എന്ത് തുകയാണ് റീഫണ്ടായി നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ ഇനി തീർപ്പുകൽപ്പിക്കാനുള്ള 884 റീഫണ്ട് അപേക്ഷകളിൽ 6881.06 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**